പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5820 25.05.2017 ൽ മറുപടിയ്ക്ക്

## കായിക പരിശീലനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | വിദ്യാർത്ഥികളിൽ കായിക നേട്ടം ഉറപ്പാക്കുന്നതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ കായിക വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) | വിദ്യാർത്ഥികളിൽ കായിക നേട്ടം ഉറപ്പാക്കുന്നതിനായി നിരവധി പദ്ധതികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പാക്കിയിട്ടുണ്ട്. ആയതിൽ സെൻട്രലൈസ്ഡ്, സ്കൂൾ, കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും, എലൈറ്റ് സ്കീം തുടങ്ങിയവ ഉൾപ്പെടുന്നു. |
| ബി) | സ്കൂളുകളിൽ കായികപരിശീലനം മെച്ചപ്പെടുത്തുന്നതിനായി നിലവിൽ കായിക വകുപ്പിന്റെ കൂടി ആഭിമുഖ്യത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | ബി) | സ്കൂളുകളിൽ കായികപരിശീലനം മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്കൂൾ സ്പോർട്സ് ഹോസ്റ്റൽ സ്കീമും, ഡേ ബോർഡിംഗ് സ്കീമും നടപ്പിലാക്കിയിട്ടുണ്ട്. |
| സി) | പല സ്കൂളുകളിലും കുട്ടികൾക്ക് കളിസ്ഥലങ്ങൾ ലഭ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) & ഡി) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രവർത്തിയ്ക്കുന്ന പല സ്കൂളുകളിലും ഏറ്റവും മികച്ച നിലവാരത്തിലുള്ള കളിസ്ഥലങ്ങൾ എണ്ണത്തിൽ കുറവായതിനാൽ ആയത് പരിഹരിയ്ക്കുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിലും, കായിക യുവജനകാര്യ വകുപ്പും ഫണ്ടുകൾ അനുവദിച്ച് നൽകുന്നുണ്ട്. |
| ഡി) | വിദ്യാലയങ്ങളിൽ കളിസ്ഥലങ്ങളും ഇൻഡോർ സ്റ്റേഡിയവും ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; | | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായവും കേന്ദ്ര ആവിഷ്കൃത പദ്ധതിയായ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥല വികസനത്തിനായി ഫണ്ടുകൾ അനുവദിച്ചും |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. കൂടാതെ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളിലും മറ്റും മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങളും നിർമ്മിച്ച് നൽകിയിട്ടുണ്ട്. |
| ഇ) | വിശാലമായ മൈതാനങ്ങൾ ലഭ്യമായ സ്കൂളുകളിൽ അവ അത്യാധുനികവത്കരിക്കാനും വ്യത്യസ്ഥങ്ങളായ കായിക പരിശീലനങ്ങൾക്ക് സൗകര്യമേർപ്പെടുത്തുവാനും കായിക വകുപ്പ് നടപടി സ്വീകരിക്കുമോ? | ഇ) | സ്വീകരിക്കുന്നതാണ്. കായിക പരിശീലനത്തിന് മികച്ച സൗകര്യങ്ങളുള്ള സ്കൂളുകളിൽ, ആയത് മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിച്ച് കൊണ്ട് ഏറ്റവും മികച്ച കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**